**FIRST TERMINAL EVALUATION 2023-'24**
**SOCIAL SCIENCE - ANSWER KEY**

**STD IX**

**BIJU.M**
**GHSS PRAPPA**
**KASARGOD**

**COLIN JOSE.E**
**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**

| Sl No: | VALUE POINTS | Score |
|---|---|---|
| **Answer any 7. Each carries 2 score** | | |
| **1** | A) പൗരസ്ത്യ റോമാസാമ്രാജ്യം<br>B) റോം | **2** |
| **2** | **ശിലാമണ്ഡലഫലകങ്ങൾ:**<br>• അനേകായിരം കിലോമീറ്റർ വിസ്തൃതിയും പരമാവധി 100 കിലോ മീറ്റർ കനവുമുള്ള ശിലാമണ്ഡലഭാഗങ്ങളെ ശിലാമണ്ഡലഫലങ്ങൾ എന്ന് വിളിക്കുന്നു.<br>• പസഫിക് ഫലകം | **2** |
| **3** | **നാണയം മുദ്രണം ചെയ്ത ഇറ്റാലിയൻ നഗരങ്ങൾ:**<br>• ഫ്ളോറൻസ്<br>• വെനീസ് | **2** |
| **4** | **മധ്യകാല അമേരിക്കയിൽ നിലനിന്നിരുന്ന സംസ്കാരങ്ങൾ:**<br>• ഇൻക<br>• ആസ്ടെക്<br>• ടോൾടെക്ക്<br>• പടയൻ<br>• കരീബിയൻ | **2** |
| **5** | A) താപചാലനം<br>B) ഭൗമവികിരണം | **2** |
| **6** | **ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള മാർഗങ്ങൾ:**<br>• ഉൽപ്പാദനരീതി<br>• വരുമാനരീതി<br>• ചെലവുരീതി | **2** |
| **7** | A) കോൺസ്റ്റാന്റിനോപ്പിൾ<br>B) സ്പെയിൻ | **2** |
| **8** | **മൗലികാവകാശങ്ങളുടെ പ്രാധാന്യം:**<br>• വ്യക്തിക്ക് ഒരു കാരണവശാലും നിഷേധിക്കപ്പെടാൻ പാടില്ലാത്ത അവകാശങ്ങളാണ് മൗലികാവകാശങ്ങൾ<br>• അവ വ്യക്തിയുടെ സമ്പൂർണ്ണ വികാസത്തിന് ഒഴിച്ചുകൂടാനാവാത്തവയാണ്<br>• അന്തസ്സുള്ള ജീവിതം നയിക്കുന്നതിന് അവ അത്യന്താപേക്ഷിതമാണ് | **2** |

| | | |
|---|---|---|
| | • അതുകൊണ്ട് മൗലികാവകാശങ്ങൾക്കും അവയുടെ സംരക്ഷണത്തിനും ഒരു ജനാധിപത്യ സമൂഹത്തിൽ വലിയ പ്രാധാന്യമുണ്ട് | |
| **Answer any 6. Each carries 3 score** | | |
| **9** | **ജസ്റ്റീനിയന്റെ നിയമസംഹിത:**<br>• ജസ്റ്റീനിയൻ റോമിലെ നിയമങ്ങളെല്ലാം ക്രോഡീകരിച്ച് ഒരു നിയമ സംഹിത ഉണ്ടാക്കി<br>• ഇത് കോർപ്പസ് ജൂറിസ് സിവിൽസ് എന്നറിയപ്പെട്ടു<br>• യുക്തി,നീതി,ഔദാര്യം എന്നീ ആശയങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ് ജസ്റ്റീനിയന്റെ നിയമ സംഹിത | **3** |
| **10** | **ദൈനികതാപാന്തരം**<br>• ഒരു ദിവസത്തെ കൂടിയ താപനിലയും കുറഞ്ഞതാപനിലയും തമ്മിലുള്ള വ്യത്യാസമാണ്<br>**സമതാപരേഖകൾ**<br>• ഒരേ അന്തരീക്ഷതാപം അനുഭവപ്പെടുന്ന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് വരയ്ക്കുന്ന സാങ്കൽപികരേഖ<br>**ദൈനികശരാശരി താപനില**<br>• ഒരു ദിവസത്തെ ശരാശരി താപനിലയാണ്<br>ദൈനിക ശരാശരി താപനില =<br>കൂടിയ താപനില + കുറഞ്ഞതാപനില<br>2 | **3** |
| **11** | **തിംബുക്തുവിന്റെ പ്രാധാന്യം:**<br>• മധ്യകാല ആഫ്രിക്കയിലെ പ്രധാന സാംസ്കാരിക കേന്ദ്രം.<br>• വെനീസ്, ഗ്രാനഡ, ജനോവ എന്നിവിടങ്ങളിൽ നിന്നും വ്യാപാരികൾ സ്വർണം, ആനക്കൊമ്പ് എന്നിവയുടെ കച്ചവടത്തിനായി ഇവിടെ എത്തിയിരുന്നു.<br>• അടിമക്കച്ചവടത്തിന്റെ പ്രധാന കേന്ദ്രമായിരുന്നു.<br>• ഇവിടെ സ്ഥിതി ചെയ്തിരുന്ന സർവ്വകലാശാല മധ്യകാല ലോകത്തിലെ പ്രധാന വിജ്ഞാനകേന്ദ്രങ്ങളിലൊന്നായിരുന്നു.<br>• ഇവിടെ കങ്കൻ മൂസ പണികഴിപ്പിച്ച 'ഗ്രേറ്റ് മോസ്ക് 'പ്രധാന ഇസ്ലാമിക പഠനകേന്ദ്രമായിരുന്നു. | **3** |
| **12** | **അഗ്നിപർവതങ്ങൾ കൊണ്ടുള്ള ഉപയോഗം:**<br>• ലാവശിലകൾ പൊടിഞ്ഞുണ്ടാകുന്ന മണ്ണ് ഫലഭൂയിഷ്ഠമാണ്.<br>• അഗ്നിപർവതസ്ഫോടന സമയത്ത് പുറത്തേക്ക് വരുന്ന ചാരം വളമായി ഉപയോഗിക്കാം<br>• അഗ്നിപർവതപ്രദേശങ്ങളിൽ പലയിടത്തും ഗീസറുകൾ രൂപപ്പെടുന്നു. | **3** |
| **13** | **അറബികളുമായുള്ള ബന്ധത്തിലൂടെ യൂറോപ്യൻ ജനത പരിചയിച്ച സാങ്കേതിക ജ്ഞാനങ്ങൾ:**<br>• ടെലിസ്കോപ്പിന്റെ നിർമാണത്തിനുള്ള ഉപകരണങ്ങൾ.<br>• തെരുവുദീപങ്ങൾ , മാലിന്യനിർമാർജന പദ്ധതികൾ.<br>• മെക്കാനിക്കൽ ക്ലോക്കുകൾ. | **3** |

| | | |
|---|---|---|
| | • ഗിയറിന്റെ തത്വം.<br>• ശസ്ത്രക്രിയാ ഉപകരണങ്ങൾ.<br>• ബീജഗണിതം, ആൽക്കമി ,ത്രികോണമിതി. | |
| **14** | a) സീസ്മോഗ്രാഫ്<br>b) റിക്ടർ സ്കെയിൽ<br>c) പ്രഭവകേന്ദ്രം | **3** |
| **15** | **ദേശീയവരുമാനം കണക്കാക്കുന്നതിന്റെ ലക്ഷ്യങ്ങൾ:**<br>• സമ്പദ്ഘടനയിലെ വിവിധ മേഖലകളുടെ സംഭാവന വിലയിരുത്തുന്നതിന്.<br>• സമ്പദ്‌വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന്.<br>• വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സർക്കാരിനെ സഹായിക്കുന്നതിന്.<br>• ഉൽപാദനം,വിതരണം, ഉപഭോഗം തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങളുടെ പരിമിതികളും മേന്മകളും കണ്ടെത്തുന്നതിന്. | **3** |
| **Answer any 9. Each carries 4 score** | | |
| **16** | **സിറസ് മേഘങ്ങൾ**<br>• തെളിഞ്ഞ ദിനാന്തരീക്ഷ സ്ഥിതിയിൽ വളരെ ഉയരങ്ങളിൽ നേർത്ത തൂവൽ കെട്ടുകൾ പോലെ കാണുന്നു.<br>**സ്ട്രാറ്റസ് മേഘങ്ങൾ**<br>•<br>**കുമുലസ്  മേഘങ്ങൾ**<br>• ഉയർന്ന സംവഹനപ്രവാഹഫലമായി രൂപംകൊള്ളുന്ന തൂവൽക്കെട്ടുകൾ പോലുള്ള മേഘങ്ങൾ.<br>• ഇവ ലംബദിശയിൽ കൂടുതൽ വ്യാപിച്ചിരിക്കുന്നു.<br>**നിംബസ് മേഘങ്ങൾ**<br>• താഴ്ന്ന വിതാനത്തിൽ കാണുന്ന ഇരുണ്ട മഴമേഘങ്ങൾ. | **4** |
| **17** | **ചെങ്കിസ്ഖാന്റെ ഭരണപരിഷ്കാരങ്ങൾ:**<br>• ശക്തമായ കുതിരപ്പട.<br>• കുതിരപ്പുറത്തിരുന്ന് ഉപയോഗിക്കാൻ കഴിയുന്ന ചെറിയ പീരങ്കികൾ.<br>• സുസംഘടിതമായ ചാരസംഘം.<br>• കൊറിയർ എന്നറിയപ്പെട്ട തപാൽ സമ്പ്രദായം. | **4** |
| **18** | A) പസഫിക് ഫലകം<br>B) വടക്കേ അമേരിക്കൻ ഫലകം<br>C) അന്റാർട്ടിക് ഫലകം<br>D) ആഫ്രിക്കൻ ഫലകം | **4** |
| **19** | **<u>ശൈലവൃഷ്ടി (പർവതവൃഷ്ടി)</u>**<br>• കടലിൽനിന്നു നീരാവി നിറഞ്ഞ കാറ്റ് കരയിലേക്ക് നീങ്ങുകയും | |

| | | |
|---|---|---|
| | പർവതച്ചരിവുകളിലൂടെ ഉയർന്ന് തണുത്ത് ഘനീഭവിച്ച് മേഘരൂപം പ്രാപിക്കുന്നു.<br>• കാറ്റിനഭിമുഖമായ പർവതങ്ങളുടെ വശങ്ങളിൽ പെയ്തിറങ്ങുന്ന മഴയാണ് ശൈലവൃഷ്ടി.<br>**സംവഹനവൃഷ്ടി**<br>• ഉഷ്ണമേഖല പ്രദേശങ്ങളിൽ ഉയർന്ന താപമേറ്റ് വായു ചൂടായി വികസിച്ച് മുകളിലേക്കുയരുന്നു .<br>• ഈ വായു തണുത്ത് ഘനീഭവിച്ച് കുമുലസ് മേഘങ്ങളുണ്ടാകുന്നു.<br>• തുടർന്ന് ഇടിമിന്നലോടുകൂടി പെയ്യുന്ന മഴയാണ് സംവഹനവൃഷ്ടി. | 4 |
| 20 | **A** / **B**<br>രാജതരംഗിണി — കൽഹണൻ<br>സിറ്റി ഓഫ് ഗോഡ് — സെന്റ് അഗസ്റ്റിൻ<br>ഒമർ ഖയ്യാം — റുബായിയ്യാത്ത്<br>ജയദേവൻ — ഗീതഗോവിന്ദം | 4 |
| 21 | **താപവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ:**<br>**അക്ഷാംശസ്ഥാനം**<br>• ഉഷ്ണമേഖലയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ അവിടെ താപം കൂടുതലായിരിക്കും.<br>• ധ്രുവങ്ങളോടടുക്കുന്തോറും സൂര്യരശ്മികളുടെ പതനകോണിൽ ചരിവ് ഉണ്ടാകുന്നതിനാൽ അവിടങ്ങളിൽ ലഭ്യമാകുന്ന താപത്തിന്റെ അളവ് കുറവായിരിക്കും.<br>**ഉയരം**<br>• ട്രോപോസ്ഫിയറിലെ താപനില ഉയരത്തിന് അനുസരിച്ച് ഓരോ 165 മീറ്ററിനും $1^0$ സെൽഷ്യസ് എന്ന തോതിൽ താപം കുറഞ്ഞുവരുന്നു.<br>• സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ താപനില താരതമ്യേന കുറവായിരിക്കും.<br>**സമുദ്രസാമീപ്യം**<br>• കര ചൂടാകുമ്പോൾ കടലിൽ നിന്ന് കരയിലേക്കും കര തണുക്കുമ്പോൾ തിരിച്ചും വായുവിന്റെ നീക്കം ഉണ്ടാകുന്നതിനാൽ സമുദ്ര സാമീപ്യമുള്ള സ്ഥലങ്ങളിൽ സദാ മിതമായ താപം നിലനിൽക്കുന്നു.<br>**കാറ്റുകൾ**<br>• ഉഷ്ണക്കാറ്റുകളും ശീത കാറ്റുകളും അവ കടന്നുപോകുന്ന പ്രദേശങ്ങളിലെ അന്തരീക്ഷതാപനില യഥാക്രമം ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. | 4 |
| 22 | **മധ്യകാല യൂറോപ്യൻ നഗരങ്ങളുടെ സവിശേഷതകൾ:**<br>• പൊതുവേ വലുപ്പം കുറഞ്ഞവയായിരുന്നു.<br>• നഗരവീഥികൾ ഇടുങ്ങിയതും വൃത്തിഹീനവുമായിരുന്നു.<br>• കെട്ടിടങ്ങൾ തടികൊണ്ട് നിർമ്മിച്ചതും വൈക്കോൽ മേഞ്ഞതും ആയിരുന്നു.<br>• ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന നഗരങ്ങളിൽ തീപിടുത്തത്തിന് സാധ്യത വളരെ കൂടുതലായിരുന്നു. | 4 |

| | | |
|---|---|---|
| | • നഗരവാസികളിൽ ഭൂരിഭാഗവും കച്ചവടക്കാർ, കരകൗശലജോലിക്കാർ, തൊഴിലാളികൾ എന്നിവരായിരുന്നു | |
| 23 | **സുനാമിയിൽ നിന്നും രക്ഷനേടാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ:**<br>• കടൽത്തിരകൾ പിന്നോട്ട് വലിയുന്നത് കാണുകയാണെങ്കിൽ അത് സുനാമി മുന്നറിയിപ്പായി കരുതി സുരക്ഷിത സ്ഥലത്തേക്ക് മാറുക.<br>• ഔദ്യോഗിക മുന്നറിയിപ്പുകൾ ഗൗരവമായി എടുക്കുക.<br>• അപകടഘട്ടം തരണം ചെയ്തുവെന്ന് സ്വയം തീരുമാനിക്കാതെ ഔദ്യോഗിക അറിയിപ്പിനായി കാത്തിരിക്കുക.<br>• രക്ഷപെടാനുള്ള തിരക്കിനിടയിൽ വസ്തുവകകൾ എടുക്കാനായി സമയം പാഴാക്കാതിരിക്കുക.<br>• സുനാമിയിൽ പെട്ടുപോയാൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഏതെങ്കിലും വസ്തുവിൽ പിടിമുറുക്കി രക്ഷപ്പെടാൻ ശ്രമിക്കുക. | **4** |
| 24 | **ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ കാരണങ്ങൾ:**<br>• കാലാവസ്ഥ വ്യതിയാനവും കാർഷി കോൽപാദനത്തിലെ കുറവും.<br>• ക്ഷാമം.<br>• പ്ലേഗ് പോലുള്ള പകർച്ചവ്യാധികൾ.<br>• കുരിശുയുദ്ധങ്ങൾ.<br>• രാജാക്കന്മാരുടെ വെടിമരുന്നിന്റെ കുത്തക.<br>• കർഷക കലാപങ്ങൾ.<br>• ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം. | **4** |
| 25 | **മൗലികാവകാശങ്ങൾ:**<br>• സമത്വത്തിനുള്ള അവകാശം<br>• സ്വാതന്ത്ര്യത്തിനുള്ള അവകാശം<br>• മതസ്വാതന്ത്ര്യത്തിനുള്ള അവകാശം<br>• സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം | **4** |
| **Questions 26 ,27 carries 6 score each** | | |
| 26 | **A**<br>**ഷാലമീൻ- ഭരണപരിഷ്കാരങ്ങൾ**<br>• പശ്ചിമ യൂറോപ്പിലെ ഭൂരിഭാഗം രാജ്യങ്ങളെയും തന്റെ അധീനതയിൽ കൊണ്ടുവന്നു.<br>• രാഷ്ട്രീയസഖ്യങ്ങളിലൂടെയും വൈവാഹികബന്ധങ്ങളിലൂടെയും സാമ്രാജ്യ വിസ്തൃതി വർധിപ്പിച്ചു.<br>• കേന്ദ്രീകൃതമായ ഭരണം കൊണ്ടുവന്നു.<br>• പ്രാദേശിക ഭരണം 'കൗണ്ടുകൾ' എന്നറിയപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു.<br>• 'മിസൈ ഡൊമിനിസി' എന്ന രഹസ്യവിഭാഗത്തെ നിയമിച്ചു.<br>• സാധുജനങ്ങൾക്കായി ദുരിതാശ്വാസനിധികൾ ആരംഭിച്ചു. | |

| | | |
|---|---|---|
| | **കരോലിൻജിയൻ നവോത്ഥാനം**<br>• ഷാലമീന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി.<br>• അതിനെത്തുടർന്നുണ്ടായ വൈജ്ഞാനിക പുനരുത്ഥാനത്തെ കരോലിൻജിയൻ നവോത്ഥാനം എന്നറിയപ്പെടുന്നു.<br>**B** **OR**<br>**ഗിൽഡുകളുടെ ചുമതലകൾ**<br>• അധ്വാന വിഭജനം<br>• ഉൽപ്പന്നത്തിന്റെ നിലവാരം നിലനിർത്തൽ<br>• വിൽപ്പനരീതി തീരുമാനിക്കൽ<br>• വിലനിർണയം<br>• അധ്വാനസമയം നിശ്ചയിക്കൽ<br>• തൊഴിൽ നിയമങ്ങൾ രൂപീകരിക്കൽ<br>**ഗിൽഡുകളുടെ രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങൾ**<br>• മധ്യകാല യൂറോപ്പിലെ നഗരങ്ങളിൽ ഉണ്ടായ വ്യാപാരത്തിന്റെ വളർച്ച.<br>• പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം.<br>• പട്ടണങ്ങളിലെ ഉയർന്ന നികുതിക്കും ചൂഷണത്തിനുമെതിരെ നിലകൊള്ളേണ്ടതിന്റെ ആവശ്യകത.<br>• സംഘടനാബോധം. | **6** |
| **27** | **A**<br>**ഘനീകരണ രൂപങ്ങൾ**<br>**തുഷാരം**<br>➢ രാത്രികാലങ്ങളിൽ ഭൗമോപരിതലം തണുക്കുന്നതിനെത്തുടർന്ന് ഉപരിതലത്തോടു ചേർന്ന് സ്ഥിതിചെയ്യുന്ന അന്തരീക്ഷഭാഗവും തണുക്കുന്നു.<br>➢ ഇതു മൂലം നീരാവി ഘനീഭവിച്ച് വെള്ളത്തുള്ളികളായി ഭൂമിയുടെ ഉപരിതലത്തിലെ തണുത്ത പ്രതലങ്ങളിൽ പറ്റിപ്പിടിക്കുന്നതാണ് തുഷാരം.<br>**ഹിമം**<br>➢ രാത്രികാലങ്ങളിൽ ഉപരിതലതാപം $0^0$ സെൽഷ്യസിനും താഴെയായി കുറയുന്ന പ്രദേശങ്ങളിൽ തുഷാരത്തിന് പകരം നേർത്ത ഹിമകണങ്ങളാണ് രൂപംകൊള്ളുന്നത്<br>**മൂടൽമഞ്ഞ്**<br>➢ അന്തരീക്ഷത്തിന്റെ താഴ്ന്ന വിതാനത്തിലുള്ള പൊടിപടലങ്ങളെ കേന്ദ്രീകരിച്ച് ഘനീകരണം നടക്കുമ്പോഴാണ് മൂടൽമഞ്ഞ് രൂപംകൊള്ളുന്നത്.<br>**മേഘങ്ങൾ**<br>➢ അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ കേന്ദ്രീകരിച്ച് നീരാവി ഘനീഭവിച്ചാണ് മേഘങ്ങൾ രൂപംകൊള്ളുന്നത്.<br>**OR**<br>**സംയോജക സീമകൾ**<br>• ഫലകങ്ങൾ പരസ്പരം അടുത്തുവരുന്നു.<br>• മടക്കുപർവതങ്ങൾ (ഹിമാലയപർവതം),സമുദ്രാന്തർഗർത്തങ്ങൾ എന്നിവ രൂപംകൊള്ളുന്നു. | **6** |

| | | |
|---|---|---|
| | **<u>വിയോജകസീമകൾ</u>**<br>• ഫലകങ്ങൾ പരസ്പരം അകലുന്നു.<br>• സമുദ്രാന്തർ പർവതനിരകൾ രൂപംകൊള്ളുന്നു.<br>• ഉദാഹരണം: മധ്യ അറ്റ്ലാന്റിക് പർവ്വതനിര.<br>**<u>ഛേദകസീമകൾ</u>**<br>• ഫലകങ്ങൾ പരസ്പരം ഉരഞ്ഞുനീങ്ങുന്നു.<br>• ഇത്തരം ഫലക സീമകൾ ഭ്രംശ മേഖലകളാണ്.<br>• ഉദാഹരണം: സാൻ ആൻഡ്രിയാസ് ഭ്രംശമേഖല | |


**ബിജു.എം HST (SS)**

**GHSS PRAPPA**
**KASARGOD**

**കോളിൻ ജോസ് .ഇ HST (SS)**

**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**




www.apluseducare.blogspot.com or Whatsapp 9746544422